എമ്മാവൂസ്
# വചനദൂത്

Volume- 09
Issue- 25
11 December 2016

മംഗളവാർത്ത മൂന്നാം ഞായർ ലൂക്കാ 1:57-80

# നമ്മുടെ ദൈവം കരുണയുള്ളവനാണ്



Bro. Jobin Kolath MCBS

സദ്‌വാർത്തയുടെ മൂന്നാമത്തെ ആഴ്ചയിലേക്ക് നാം പ്രവേശിക്കുമ്പോൾ നമ്മുടെ വിചിന്തനത്തിനായി തിരുസഭ നമുക്ക് നൽകുക യോഹന്നാന്റെ ജനനത്തെപ്പറ്റിയും ദൈവിക പദ്ധതിക്ക് വിധേയപ്പെട്ടു ജീവിക്കുന്ന സഖറിയാ- എലിസബത്ത് ദമ്പതികളെപ്പറ്റിയുമാണ്. ഈ വചനഭാഗത്തിന്റെ പശ്ചാത്തലം നാം മനസ്സിലാക്കുകയാണെങ്കിൽ വന്ധ്യത ശാപമായി കണക്കാക്കിയിരുന്ന കാലഘട്ടമായിരുന്നു അത്. മാതൃത്വം ഏതൊരു സ്ത്രീയും ആഗ്രഹിക്കുന്ന ഒന്നാണ് അമ്മയാകുക എന്നുവച്ചാൽ ഒരു സ്ത്രീയുടെ ജീവിതത്തിന്റെ പൂർത്തീകരണമാണ്. അതിന് സാധിക്കാത്തവർ ശപിക്കപ്പെട്ടവളും മറ്റുള്ളവരുടെ മുമ്പിൽ അപമാനിക്കപ്പെട്ടവളുമായിരുന്നു. ഈ സാഹചര്യത്തിലാണ് സഖറിയാ - എലിസബത്ത് ദമ്പതികൾക്ക് പുത്രൻ ജനിക്കുന്നത്. വി. ലൂക്കായുടെ സുവിശേഷം 1:25-ൽ എലിസബത്തിന് താൻ ഗർഭിണിയാണെന്നറിഞ്ഞപ്പോൾ ഇപ്രകാരം പറുന്നുണ്ട്: ''മനുഷ്യന്റെ ഇടയിൽ എനിക്കുണ്ടായിരുന്ന അപമാനം നീക്കിക്കളയാൻ കർത്താവിന്റെ കരങ്ങൾ എന്റെ ജീവിതത്തിൽ പ്രവർത്തിച്ചു.'' ദൈവിക പദ്ധതിയോട്, ദൈവീക വാഗ്ദാനത്തോട് വിശ്വസിച്ച് സഹകരിച്ച് ജീവിക്കുന്ന ഈ കുടുംബം തങ്ങളുടെ ദുഃഖത്തിൽ മാത്രമല്ല ദൈവത്തെ വിളിച്ച് അപേക്ഷിക്കുക, മറിച്ച് തങ്ങളുടെ സന്തോഷത്തിലും ദൈവത്തെ സ്തുതിച്ചുകൊണ്ട് ദൈവഹിതം നിറവേറ്റിയവരാണ്. ദൈവിക പദ്ധതിയോട് ചേർന്നു നിൽക്കുന്ന മാതാപിതാക്കൾക്ക് അനുഗ്രഹമാകുന്ന പുത്രനും അടങ്ങുന്ന കുടുംബമാണ് ഇവരുടേത്. അനുദിനം ഓരോ കാര്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് പ്രാർത്ഥിക്കുന്നവരാണ് നാം. എന്റെ കുടുംബത്തിൽ സമ്പത്ത് വേണം, മക്കൾക്ക് നല്ല ജോലി കിട്ടണം, സമാധാനം വേണം എന്നിങ്ങനെ നീണ്ടു പോകുന്ന ആവശ്യങ്ങൾ.



ഈ ആവശ്യങ്ങൾ ദൈവസന്നിധിയിൽ നാം നിരത്തുമ്പോഴും പ്രാർത്ഥിക്കേണ്ട ഒന്നുണ്ട് ദൈവഹിതം എന്റെ ജീവിതത്തിൽ നിറവേറട്ടെയെന്ന്. ദൈവകൽപ്പനകളോടും പ്രമാണത്തോടും വിശ്വസ്തത പുലർത്തിയ സഖറിയാ എലിസബത്ത് ദമ്പതികളുടെ ജീവിതത്തിൽ ദൈവം കൊടുത്ത വാഗ്ദാനത്തിൽ വിശ്വസ്തനായി. പഴയ നിയമ കാലഘട്ടം മുതൽ പുതിയനിയമകാലഘട്ടം വരെ

വാഗ്ദാനങ്ങൾ നിറവേറ്റിക്കൊടുക്കുന്ന ദൈവത്തിന്റെ ചിത്രമാണ് സുവിശേഷകന്മാരും പ്രവാചകന്മാരും നമുക്ക് കാണിച്ചുതരിക. അബ്രാഹത്തിനും സാറായ്ക്കും ഏൽക്കാനായ്ക്കും ഹന്നായ്ക്കും പുത്രനെ വാഗ്ദാനം ചെയ്യുന്ന ദൈവം, ഇസ്രായേൽ ജനത്തിനു അടിമത്വത്തിൽ നിന്നു മോചനവും. സമ്പൽസമൃദ്ധി നിറഞ്ഞതാകാൻ ദേശവും വാഗ്ദാനം ചെയ്യുന്ന ദൈവം, ദാവീദിനും സോളമനും സർവ്വശത്രുക്കളിൽ നിന്നുള്ള രക്ഷയും രാജ്യവും വാഗ്ദാനം ചെയ്യുന്ന ദൈവം. വീണ്ടും പുറപ്പാട് പുസ്തകത്തിൽ കാനാൻ ദേശം വാഗ്ദാനം ചെയ്തശേഷം ദൈവം ഇസ്രായേൽ ജനത്തോട് പറയുക, എന്റെ കൽപ്പനകൾ നീ പാലിച്ചാൽ ഞാൻ വാഗ്ദാനം ചെയ്ത ദേശം നീ സ്വന്തമാക്കും. തുടർന്നങ്ങോട്ട് ഇസ്രായേൽ ജനത്തിന്റെ സർവ്വ ഐശ്വര്യത്തിനും കാരണമായി നിൽക്കുക, ദൈവപ്രമാണത്തോടും വാഗ്ദാനത്തോടുമുള്ള വിശ്വസ്തതയാണ്. ഇവിടെ ദൈവം നമ്മോടു ആവശ്യപ്പെടുന്നത് ഇത്രമാത്രം, നീ എന്നോട് വിശ്വസ്തനായിരിക്കുക. വിശ്വസിക്കുന്നവന്റെ ജീവിതത്തിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനാണ് നമ്മുടെ കർത്താവ്.

ദൈവത്തിന്റെ വെളിപാടനുസരിച്ച് ശിശുവിനെ യോഹന്നാൻ എന്നു പേരിടുമ്പോൾ ആ നാമം സുചിപ്പിക്കുന്നത് ദൈവം കരുണ ചെയ്തു എന്നാണ്. നമ്മുടെ ദൈവം കരുണയുള്ളവനാണ്. സഖറിയായുടെ സ്തുതികീർത്തനത്തിൽ ഒരു പ്രവാചകനെപ്പോലെ സഖറിയാ യോഹന്നാനെക്കുറച്ച് പ്രവചിക്കുന്നുണ്ട്. തന്റെ മകനായ യോഹന്നാൻ ഭാവിയിൽ ചെയ്യാനിരിക്കുന്ന വൻകാര്യങ്ങളെക്കുറിച് അവന്റെ പിതാവായ സഖറിയാ മുൻകൂട്ടി പ്രവചിക്കുകയാണിവിടെ.

കർത്താവിനു വഴിയൊരുക്കാൻ അവിടുത്തെ മുമ്പിൽ നീ പോകും തന്റെ മകനെ യേശുവിന് വഴിയൊരുക്കാൻ തയ്യാറാകുന്ന ഒരു നല്ല അപ്പനാണ് സഖറിയാ. ഇന്ന് എത്ര മാതാപിതാക്കൾ ഉണ്ട് ഇങ്ങനെ മക്കളെ ദൈവത്തിനുവേണ്ടി മാറ്റിവച്ച് ഒരുക്കുന്നവർ. മക്കൾക്ക് ഉന്നതമായ വിദ്യാഭ്യാസവും ജോലിയും നേടിക്കൊടുക്കുന്നതോടൊപ്പം ക്രൈസ്തവ വിശ്വാസം കൂടി പറഞ്ഞ് പഠിപ്പിക്കുന്നവരായിരിക്കണം മാതാപിതാക്കൾ. ദൈവസന്നിധിയിൽ നല്ല മാതാപിതാക്കൾ ആയി ജീവിക്കുക.

അതുപോലെ മാതാപിതാക്കൾക്ക് അനുഗ്രഹമാകുന്ന ഒരു മകനെയാണ് യോഹന്നാനിൽ നാം കാണുന്നത്. അച്ചനമ്മമാരുടെ കണ്ണീരിന്റെയും വിയർപ്പിന്റെയും വില നാളെ വീട്ടും എന്നു പറയുന്ന ഇന്നത്തെ തലമുറയോട് ഇന്നത്തെ സുവിശേഷം ചോദിക്കുക അത് എന്തുകൊണ്ട് ഇന്നായിക്കൂടാ എന്നാണ്. ജനിച്ച് എട്ടാം ദിവസം തന്റെ പിതാവിന്റെ മൂകത മാറ്റിയവനാണ് യോഹന്നാൻ. അതിനാൽ നമ്മൾ ആയിരിക്കുന്ന അവസ്ഥയിൽ നമ്മുടെ മാതാപിതാക്കളെ നമുക്ക് സ്നേഹിക്കാം; സഹായിക്കാം.

ദൈവകാരുണ്യത്താൽ കാത്തിരിപ്പിന്റെ ഫലം ആയി യോഹന്നാനെ സഖറിയാ എലിസബത്ത് ദമ്പതികൾക്ക് ദൈവം നൽകുകയാണിവിടെ. പ്രാർത്ഥിക്കുമ്പോൾ തന്നെ ദൈവം പ്രത്യുത്തരം നൽകിയില്ലെങ്കിലും ദൈവസന്നിധിയിൽ ആരും വിസ്മരിക്കപ്പെടുന്നില്ല. കാത്തിരിപ്പിന്റെ ഫലം നമുക്ക് ഓരോരുത്തർക്കും നമ്മുടെ ജീവിതത്തിൽ തന്നെ ലഭിക്കുന്നുണ്ട്. ആ അനുഗ്രഹങ്ങൾ തിരിച്ചറിഞ്ഞ് ദൈവത്തിന് നന്ദി പറയേണ്ടവനാണ് മനുഷ്യൻ. അനുഗ്രഹങ്ങൾ തിരിച്ചറിയുന്നവന്റെ കുറവുകൾ കർത്താവ് എടുത്തുമാറ്റും. അവൻ ദൈവത്തിന് സ്തുതികൾ പാടും. ലൂക്കായുടെ സുവിശേഷം 1:67 സംസാരശക്തി തിരിച്ചു കിട്ടിയപ്പോൾ അവൻ പതിന്മടങ്ങ് ശക്തിയോടു കൂടെ ദൈവത്തിന് സ്തുതികൾ അർപ്പിക്കുകയാണ്. അനുഗ്രഹങ്ങൾ ചൊരുയുന്നവന്റെ വില മനസ്സിലാക്കുമ്പോൾ സ്തുതിക്കുന്നവന്റെ ശക്തി കൂടും, അവൻ ആത്മാവിനാൽ നിറയപ്പെടും. അനുദിന ജീവിതത്തിലും കർത്താവിന്റെ കരം താങ്ങായും സംരക്ഷണമായും നമ്മുടെ കൂടെയുണ്ട്. നാം അത് തിരിച്ചറിണം എന്നു മാത്രം. ഏത് ജീവിതാന്തസ്സിൽ ജീവിക്കുന്നവരായാലും കർത്താവിന്റെ കരം തിരിച്ചറിയുന്നുവെങ്കിൽ അവന്റെ ജീവിതം സമാധാനവും സന്തുഷ്ടിയും നിറഞ്ഞതാകും.

ഈ സ്വർഗ്ഗീയ അനുഭവമാണ്. ഓരോ വി. കുർബാനയിലും നാം അനുഭവിക്കേണ്ടതും കാണേണ്ടതും ഉത്പത്തി പുസ്തകത്തിൽ വാഗ്ദഗാനം ചെയ്യപ്പെടുന്ന രക്ഷകന്റെ പൂർത്തീകരണമാണ് വി. കുർബാന. എല്ലാവർക്കും വേണ്ടി രക്ഷകനായി പിറന്നവൻ ഈ ബലിവേദിയിൽ മുറിയപ്പെടുമ്പോൾ സ്നേഹപിതാവായ ദൈവം തന്നോടും ആവശ്യപ്പെടുക ഇത്രമാത്രം- ദൈവപ്രമാണങ്ങളിലും കൽപ്പനകളിലും വിശ്വസ്തതയോടെ വ്യാപരിക്കുക. എന്റെ ഹിതം നിന്റെ ജീവിതത്തിൽ നിറവേറപ്പെടാനായി പ്രാർത്ഥിക്കുക. നമുക്കും ഈ ബലിമധ്യേ പ്രാർത്ഥിക്കാം. ദൈവഹിതം എന്റെ ജീവിതത്തിൽ നിറവേറപ്പെടട്ടെ എന്ന്.